പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2184 | 4.11.2019 ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾക്ക് പാക്കേജ്

ചോദ്യം | മറുപടി

ശ്രീ.ജോർജ് എം. തോമസ് | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷി വിഭാഗക്കാർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കാമോ;<br><br>(ബി) സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പാക്കേജ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ), (ബി) & (സി)<br><br>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ ഭൗതികവും അക്കാദമികവും ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 27.11.2017 ൽ ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഇത്തരം സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നു.<br><br>സ്പെഷ്യൽ സ്കൂളുകൾക്കായി സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കിയ സമഗ്ര പാക്കേജ് നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളെ കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ, ലഭ്യമാക്കുന്ന സേവനങ്ങൾ എന്നിവ അനുസരിച്ച് A, B, C ഗ്രേഡുകളായി തിരിച്ചും പ്രസ്തുത ഗ്രേഡുകളിൽ ഉൾപ്പെടാത്തതും നിലവിൽ രജിസ്ട്രേഷൻ ലഭ്യമായിട്ടുള്ളതും പൊതുവിദ്യാഭ്യാസ ഡയറക്ടർ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതുമായ സ്പെഷ്യൽ സ്കൂളുകളെ D ഗ്രേഡിൽ ഉൾപ്പെടുത്തി സ്പെഷ്യൽ സ്കൂളുകളുടെ കാറ്റഗറൈസേഷൻ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ബജറ്റിൽ പ്രഖ്യാപിച്ച അധിക തുക A, B, C ഗ്രേഡഡ് സ്കൂളുകൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ